ചെയ്യേണ്ട സ്ഥിതി വരുന്നു. ജീവനക്കാരുടേതല്ലാത്ത കുറ്റത്താൽ പ്രൊമോഷനോ ശമ്പളമോ ലഭിക്കാതിരിക്കുന്ന അവസ്ഥ ഒഴിവാക്കുവാനും സ്വകാര്യ കോളേജുകളുടെ പ്രവർത്തനം സുഗമമാക്കുന്നതിനും വേണ്ടി അനദ്ധ്യാപക ജീവനക്കാരുടെ സ്റ്റാഫ് പാറ്റേൺ പുന:ക്രമീകരണം നടത്തുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ മുൻപാകെ അഭ്യർത്ഥിക്കുകയാണ്. അതുപോലെ തന്നെ ആശ്രിത നിയമനം നൽകുക എന്ന് പറയുന്നത് എല്ലാ രംഗത്തും ഉള്ളതാണ്. പ്രൈവറ്റ് കോളേജ് അനദ്ധ്യാപക ജീവനക്കാരുടെ കാര്യത്തിലും അത് ഒന്ന് പരിഗണിക്കണമെന്ന് ഗവൺമെൻറിന്റെ മുൻപാകെ അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) : സർ, പ്രീഡിഗ്രി കോളേജിൽ നിന്നും വേർപെടുത്തിയതിനോടനുബന്ധിച്ചാണ് പ്രൈവറ്റ് കോളേജുകളിൽ നിരവധി അനദ്ധ്യാപകരുടെ തസ്തികകൾ വന്നത്. പുതിയ സ്റ്റാഫ് പാറ്റേൺ അനുസരിച്ച് അനദ്ധ്യാപകരുടെ തസ്തിക പുനഃക്രമീകരിക്കണമെന്ന് ഗവൺമെന്റ് തീരുമാനിച്ചതിന്റെയടിസ്ഥാനത്തിൽ ഒരു കമ്മിറ്റിയെ നിശ്ചയിക്കുകയും ആ കമ്മിറ്റി രണ്ട് തവണ ഗവൺമെൻറിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് സംഘടനാ നേതാക്കളുമായി ചർച്ച നടത്തി ചർച്ചയിൽ ഉരുത്തിരിഞ്ഞു വന്ന അഭിപ്രായത്തിന്റെകൂടി അടിസ്ഥാനത്തിലാണ് കമ്മിറ്റി റിപ്പോർട്ട് ഏറെക്കുറെ രൂപപ്പെടുത്തിയിട്ടുള്ളത്. അത് പഠിച്ച് അവസാന തീരുമാനം എടുക്കുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലാണ്. ഈ രണ്ട് റിപ്പോർട്ടും നടപ്പിലാക്കുന്നതോടുകൂടി അധിക സാമ്പത്തിക ബാധ്യത വരുമോ എന്ന് പരിശോധിക്കാൻ ഫൈനാൻസ് ഡിപ്പാർട്ടുമെന്റിന്റെ കയ്യിലാണ് ഇപ്പോൾ ഫയൽ ഉള്ളത്. അത് ഉടനെ പരിശോധിച്ച് ആവശ്യമായ നടപടി എടുക്കുന്നതാണ്. വളരെ വൈകാതെ തന്നെ നടപടി ഉണ്ടാകുമെന്ന് അറിയിക്കുകയാണ്. അതിനുശേഷം മാത്രമേ പുതിയ നിയമനങ്ങൾക്കും പ്രൊമോഷനുമുള്ള നിരോധനം നീക്കാൻ സാധിക്കുകയുള്ളൂ. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച ആശ്രിത നിയമനത്തിന്റെ കാര്യം പ്രത്യേകം പരിശോധിക്കുന്നതാണ്.

(3) പത്തനംതിട്ട ജില്ലയിൽ ദളിത് യുവതിക്കുനേരെ നടന്ന അതിക്രമം

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, അത്യന്തം ക്രൂരവും പൈശാചികവുമായ ഒരു സംഭവത്തെ സംബന്ധിച്ച് ഇന്ന് മംഗളം പത്രം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഒരു ദളിത് യുവതിയെ മർദ്ദിച്ച് അവശയാക്കി നഗ്നയാക്കി നടത്തി എന്നാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. അത് അങ്ങയുടേയും ഗവൺമെൻറിന്റേയും ശ്രദ്ധയിൽ കൊണ്ടുവരികയാണ്. പത്തനംതിട്ട ജില്ലയിൽ അടൂർ, തട്ടമംഗലം, തെങ്ങുവിളയിൽ അച്ചുതന്റെ മകൾ ലത എന്ന 24 വയസ്സുള്ള ദളിത് യുവതിയെ ഒരു സംഘം സാമൂഹ്യ ദ്രോഹികൾ വിവസ്ത്രയാക്കി ആക്രമിച്ച് അവശയാക്കിയ

LIBRARY ARCHIVES Kerala Legislative Assembly

സംഭവത്തെ ഇന്ന് വളരെ വിശദമായിട്ട് തന്നെയാണ് 'മംഗളം' ദിനപ്പത്രം റിപ്പോർട്ട് ചെയ്തിരിക്കുന്നത്. ഇത് സംബന്ധിച്ച് സമഗ്രമായി അന്വേഷിച്ച് ആ സാമൂഹ്യ ദ്രോഹികൾക്ക് തക്കതായ ശിക്ഷ നൽകാൻ വേണ്ടി ഗവൺമെന്റ് തയ്യാറാകണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) : സർ, പത്തനംതിട്ട അടൂർ-പൊങ്ങലടി, തെങ്ങുവിളയിൽ തങ്കമ്മയുടെ മകൾ ലതയെ അയൽവാസികളും ബന്ധുക്കളുമായ ഭവാനി, പൊടിപ്പെണ്ണ്, ബാലൻ, സുരേന്ദ്രൻ എന്നിവരും ചേർന്ന് 8-6-2003-ന് ദേഹോപദ്രവം ഏൽപ്പിച്ചു. അതിന്റെയടിസ്ഥാനത്തിൽ ഇൻഡ്യൻ ശിക്ഷാ നിയമം 341, 323, 224, 354, 427, 34 എന്നീ വകുപ്പു പ്രകാരം ക്രൈം 74/2003 നമ്പറായി കൊടുമൺ പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. തുടർന്ന് പ്രതികളായി പറഞ്ഞിട്ടുള്ള നാലുപേരേയും പോലീസ് അറസ്റ്റ് ചെയ്യുകയും അവർ ഇപ്പോൾ ജാമ്യത്തിലുമാണ്. ലത ചെറിയ രീതിയിൽ ചിട്ടിയും പിരിവും നടത്തിവരുന്നുണ്ട്. അതുമായി ബന്ധപ്പെട്ട വഴക്കാണ് ഈ സംഭവത്തിന് കാരണമെന്ന് അറിയുന്നു. പോലീസ് ഊർജ്ജിതമായി അന്വേഷണം നടത്തിവരുന്നു. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എം. എ. കുട്ടപ്പൻ അന്വേഷിച്ചതിൽ തർക്ക കക്ഷികൾ രണ്ടും പട്ടികജാതിക്കാരാണ് എന്നാണ് അറിയുന്നത്. കുറ്റവാളികൾ ആരായാലും അവർക്കെതിരെ കർശനമായ നടപടിയെടുക്കുന്നതാണ്.

(4) എസ്. ടി വിഭാഗത്തിന് ആനുകൂല്യങ്ങൾ അനുവദിക്കുന്നതിലെ കാലതാമസം

ശ്രീമതി രാധാരാഘവൻ : സർ, ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത് ആരേയും കുറ്റപ്പെടുത്താനല്ല. പട്ടികജാതി-പട്ടികവർഗ്ഗവിഭാഗത്തിലെ സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്ക് ആനുകൂല്യങ്ങൾ വിതരണം ചെയ്യുമ്പോൾ പട്ടികജാതിക്കാർക്ക് നേരത്തേ നൽകുകയും പട്ടികവർഗ്ഗത്തിന് വൈകിപ്പോലും നൽകുന്നില്ല എന്ന ഒരു അനുഭവമാണ് ഇപ്പോൾ ഉള്ളത്. വീട്, വസ്തു, എന്നീ ആനുകൂല്യങ്ങളുടെ കാര്യത്തിലും പട്ടികവർഗ്ഗ വിഭാഗത്തിന് നൽകുന്നതിന് ഇതേ താമസം ഉണ്ടാകുന്നുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിനോട് വിവേചനം പാടില്ല. രണ്ടു വിഭാഗത്തിനും ഗ്രാന്റും ആനുകൂല്യങ്ങളും ഒപ്പം കിട്ടുന്നതിനുള്ള നടപടിയുണ്ടാകണമെന്നാണ് എന്റെ സബ്മിഷൻ .

പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ) : സർ, വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വിതരണം ചെയ്യുമ്പോൾ പട്ടികജാതി വിദ്യാർത്ഥികൾക്ക് പെട്ടെന്നും പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് താമസിച്ചും നൽകുന്നു എന്ന ഒരു ആക്ഷേപമാണ് ബഹുമാന്യയായ മെമ്പർ ഉന്നയിച്ചത്. അതുപോലെ തന്നെ വീടുകൾക്കുവേണ്ടിയുള്ള ധനസഹായം

LIBRARY ARCHIVES Kerala Legislative Assembly